<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1381**</u> <u>**11-09-2023 - ൽ മറുപടിയ്ക്ക്**</u>

<u>**തീരദേശ ഹൈവേയുടെ ഉദ്ദേശലക്ഷ്യങ്ങൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ ഹൈവേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് തീരപ്രദേശത്തിന്റെ സമഗ്രവികസനം സാധ്യമാക്കുന്നതിന് പശ്ചാത്തല സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് തീരദേശ പാത നിർമ്മിക്കുന്നത്. തീരദേശ ജനതയുടെ തൊഴിലും ജീവിതസാഹചര്യവും മെച്ചപ്പെടുത്താൻ തീരദേശപാതയിലൂടെ സാധ്യമാകും. മത്സ്യബന്ധന തുറമുഖങ്ങളെ ബന്ധപ്പെടുത്തി പോകുന്ന പാത ഈ മേഖലയിൽ മികച്ച പശ്ചാത്തല സൗകര്യത്തിന് സഹായിക്കും. ഇതോടെ മത്സ്യ – മത്സ്യ അനുബന്ധ വ്യവസായങ്ങളും വളരും. തീരദേശ മേഖലയിലെ മറ്റ് ചെറുകിട വ്യവസായങ്ങളുടെ വളർച്ചക്കും തീരദേശപാത സഹായിക്കും. പ്രസിദ്ധമായ കേരളത്തിന്റെ ബീച്ച് ടൂറിസവും ഈ പദ്ധതിയിലൂടെ വളർച്ച നേടും. |
| (ബി) | തീരദേശ ഹൈവേയുടെ സമഗ്ര പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (ബി) | തീരദേശ ഹൈവേയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും ആയതിന്റെ അപ്രോച്ച് റോഡും നിലവിലെ പൊന്നാനി ടൗണിലെ റോഡ് വീതി കൂട്ടുന്നതിനുമായി 4.8 കി.മീറ്റർ ആർബി.ഡി.സി.കെ.യുടെ കീഴിലാണ വരുന്നത്. ഈ 4.8 കി.മീ. ന് DPR, RBDCK തയ്യാറാക്കുകയും കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. തീരദേശ ഹൈവേയുടെ 44 റീച്ചുകളാണ് (520 കി.മീ.) കെ.ആർ.എഫ്.ബി.- പി.എം.യു. വിന് കീഴിൽ വരുന്നത്. ഇതിൽ 8 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും സ്ഥലമേറ്റെടുക്കുന്നതിനുൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2 റീച്ചുകളുടെ DPR |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. മറ്റു റീച്ചുകലിൽ വിശദപദ്ധതിരേഖ തയ്യാറാക്കുന്നത പുരോഗമിക്കുന്നു.<br><br>14 മുതൽ 15.6 മീറ്റർ വീതിയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഫുട്ട്പാത്ത്, യൂട്ടിലിറ്റി ഡക്ടുകൾ, അമിനിറ്റി സെന്ററുകൾ, ബസ് ബേകൾ, ട്രക്ക് ലേ ബൈകൾ എന്നിവ പദ്ധതിയുടെ ഭാഗമാണ് അതോടൊപ്പം സൈക്കിൾ ട്രാക്കും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൊണ്ട് ഉണ്ടാകാനിടയുള്ള സാമൂഹിക ആഘാതങ്ങൾ എന്തൊക്കെയാണെന്നും പരിസ്ഥിതിയെ ഈ പദ്ധതി എപ്രകാരം ബാധിക്കുന്നുവെന്നും വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | DPR തയ്യാറാക്കുന്ന ഘട്ടത്തിൽ നിയമപരമായി ആവശ്യമുള്ള എല്ലാ പഠനവും നടത്തുന്നുണ്ട്. റവന്യൂ വകുപ്പ് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച ശേഷം Expert committee മുഖാന്തിരം സാമൂഹിക ആഘാത പഠനം, പൊതു ഹിയറിംഗ് എന്നിവ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ